ശ്രീ. പി. കെ. ഡീവർ: സർ, ചോദ്യം കിട്ടിയതിനുശേഷവും ലോറിയിലെ സാമാനങ്ങൾ കളവു് പോയതായി അറിഞ്ഞിട്ടില്ലെന്നു പറയുന്നതു ശരിയാണോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: അതിനെപ്പറ്റി അന്വേഷിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. എ. താണുപിള്ള: ഏതു ഡിപ്പാർട്ട്മെണ്ടിന്റെ ആവശ്യത്തിലേക്കാണു് ഈ ലോറികൾ വാങ്ങിച്ചതെന്നു പറയാമോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

Sri. K. P. Nilakanta Pillai: In view of the answers given, will the Government consider the question of writing off this amount?

Sri. E. John Philipose: Government feel the necessity of auctioning such of those which are not capable of using.

ശ്രീ. പി. കെ. ഡീവർ: സർ, (ഡി)-യ്ക്കു് മറുപടി പറഞ്ഞതു്, ഈ സംഗതി സർവ്വമെന്റിനു് അറിയാൻ പാടില്ലെന്നാണു്. ചോദ്യം കിട്ടിയതിനുശേഷവും ആ വിവരത്തെപ്പറ്റി അറിഞ്ഞതില്ലെന്നു പറയുന്നതു ശരിയാണോ?

ശ്രീ. ഇ ജാൺ ഫിലിപ്പോസ്: അതിനെക്കുറിച്ചു അന്വേഷിക്കുന്നുണ്ടെന്നു ഞാൻ നേരത്തെ പറഞ്ഞു. അതിൽ കുറെ പാർട്ട്സ് ഇല്ല. അതു് വാങ്ങിച്ചപ്പോഴെ അങ്ങനെയാണോ അതോ വാങ്ങിച്ചതിനുശേഷം കളവുപോയതാണോ എന്നു് നിശ്ചയമില്ല. അതിനെക്കുറിച്ചു് അന്വേഷിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. കെ. അയ്യപ്പൻ: ലോറി പുതിയതായിരുന്നില്ലേ? ചില പാർട്ടുകളെല്ലാം അതിൽ നിന്നും കൺട്രാക്ടർ മാറ്റിക്കൊണ്ടുപോകുന്നതിനു് ഇടയില്ലേ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: ലോറികൾ ഡിസ്പോസൽ ഡിൽനിന്നും വാങ്ങിച്ചതാണു്. കേസസ്സോടുകൂടി വാങ്ങിച്ചതാണു്. വാങ്ങിക്കുമ്പോൾതന്നെ ചില പാർട്ട്സ് ഇല്ലാതിരിക്കാവുന്നതാണു്. ഏതായാലും അതിനെക്കുറിച്ചു് അന്വേഷിക്കാവുന്നതാണു്.

സാഹിബ് ബഹദൂർ കെ. സി. മായൻകുട്ടി മേത്തർ: ഈ കേസസ്സു് പുതിയതായിട്ടു വാങ്ങിച്ചതല്ലേ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: അതെ.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: മിക്കവാറും ഉപയോഗശൂന്യമായിട്ടാണോ ഇരിക്കുന്നതു്?

Mr. Speaker: That question was already answered.

സാഹിബ് ബഹദൂർ കെ. എ മഹമ്മദ്: ഇതിനുത്തരവാദികളാരെന്നന്വേഷിക്കാമോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: അന്വേഷിക്കാം.

VILLAGE PANCHAYAT ACT.

***610.** [13] **Sri. Sree V. Das:** Will the Hon'ble Minister for Local Self Government be pleased to state.—

(*a*) whether the rules are framed for Village Panchayat Act; and

(*b*) whether there is any proposal to constitute a Committee to delimit the Panchayat area?

ശ്രീ. എൻ. കുഞ്ഞുരാമൻ: സർ, ഇതുപോലൊരു ചോദ്യത്തിനു് ഈ സെഷനിൽതന്നെ ഉത്തരം പറഞ്ഞിട്ടുള്ളതാണു്.

ട്രാൻസ്പോർട്ട് ബസ്സുകളിലെ യാത്രക്കാർ

*സ ഫ ഫ (ഫ ര) ശ്രീ. എ. എൽ. ജേക്കബ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ട്രാൻസ്പോർട്ട് ബസ്സ് സ്റ്റാൻഡുകളിൽ വരുന്ന യാത്രക്കാർക്കു് ബസ്സു് കാത്തു ദീർഘനേരമിരിക്കേണ്ടിവരുന്നതായാൽ സൌകര്യമായി കുറച്ചുനേരം നിൽക്കുവാനോ ഇരിക്കുവാനോ യാതൊരു സൌകര്യവും ചെയ്തിട്ടില്ലെന്നു് ബഹുമാനപ്പെട്ട ഗവർമ്മെന്റിനു അറിയാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ടാൻസ്പോർട്ട് ആഫീസുകളിൽ പലേടത്തും യാത്രക്കാർക്ക് സമയമറിയുന്നതിലേക്ക് ടൈംപീസോ, ക്ലാക്കോ യാതൊന്നുംതന്നെ ഇല്ലെന്നുള്ള വിവരം ടാൻസ്പോർട്ട്മന്ത്രി അന്വേഷിച്ചിട്ടുണ്ടോ;

(സി) ടാൻസ്പോർട്ട് ആഫീസും അതിന്റെ പരിസരങ്ങളും വൃത്തികേടായി കിടക്കുന്നുവസ്തുത ബഹുമാനപ്പെട്ട ടാൻസ്പോർട്ട്മന്ത്രിയുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. ഇ. ജാൺഫിലിപ്പോസ്: ടാൻസ്പോർട്ട് ബസ്സ് സ്റ്റാൻഡുകളിൽ വരുന്ന യാത്രക്കാർക്ക് ബസ്സു കാത്തിരിക്കാനും വിശ്രമിക്കുവാനും സൗകര്യങ്ങളും ചില സ്ഥലങ്ങളിൽ ഉണ്ടാക്കിയിട്ടുണ്ട്. ചില സ്ഥലങ്ങളിൽ ഉണ്ടാക്കിക്കൊണ്ടിരിക്കയാണ്. മറ്റു സ്ഥലങ്ങളിൽ ഉണ്ടാക്കാൻ ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

(ബി) ഉണ്ട്. ടൈംപീസും ക്ലാക്കും ടാൻസ്പോർട്ട് ആഫീസുകളിൽ എല്ലായിടത്തും ഉണ്ട്. എന്നാൽ ബസ്സുകളെപ്പോലെതന്നെ ചിലപ്പോൾ അവയ്ക്കും അറ്റകുറ്റം വരാവുള്ളതുകൊണ്ട് അറ്റകുറ്റം തീർക്കാനായി ചിലപ്പോൾ അവയെ ആ സ്ഥലങ്ങളിൽനിന്നു മാറ്റിയിരിക്കാം.

(സി) ടാൻസ്പോർട്ടാഫീസും അതിന്റെ പരിസരങ്ങളും വൃത്തിയായി സൂക്ഷിക്കുന്നതിനു നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. ഇപ്പോൾ മിക്ക സ്ഥലങ്ങളും ക്ലീനിംഗ് ഒക്കെ നടത്തുന്നുണ്ട്.

ശ്രീ. കെ. കരുണാകരൻ: ചില സ്ഥലങ്ങളും, മറ്റു സ്ഥലങ്ങളും, മറ്റു ചില സ്ഥലങ്ങളും എന്നൊക്കെ പറഞ്ഞതു് ഏതിനെക്കുറിച്ചാണ്?

ശ്രീ. ഇ. ജാൺഫിലിപ്പോസ്: അതായതു്, പ്രധാനപ്പെട്ട; സഞ്ചാരയോഗ്യമായിട്ടുള്ള സ്ഥലങ്ങളിൽ വെയിറ്റിംഗിനു സൗകര്യമുണ്ട്. ചില സ്ഥലങ്ങളിൽ സൗകര്യം പരിമിതമാണ്. ചില സ്ഥലങ്ങളിൽ സൗകര്യം ഉണ്ടാക്കാൻ ആലോചിക്കുന്നുണ്ട്. ആലപ്പുഴയും കോട്ടയത്തും മിക്കവാറും സൗകര്യങ്ങളും ഉണ്ട്. അതു് ഇനിയും കൂടുതൽ എക്സ്റ്റൻഡു് ചെയ്യണമെന്നുള്ള. മൂവാറ്റുപുഴ, നാഗർകോവിൽ നെടുമങ്ങാടു്, മുതലായ സ്ഥലങ്ങളിൽ നല്ല വെയിറ്റിംഗ് ഷെഡ്ഡിനുള്ള പണി ആരംഭിച്ചിട്ടുണ്ട്. മറ്റു സ്ഥലങ്ങളിൽ വെയിറ്റിംഗ് ഷെഡ്കൂടം ഉണ്ടാക്കാൻ ഗവണ്മെൻറിനു പ്രോഗ്രാം ഉണ്ട്. അതനുസരിച്ചു പ്ലാനൊട്ടു ചെയ്തിട്ടുണ്ട്.

ശ്രീ. ഈപ്പൻ അറയ്ക്കൽ: തിരുവനന്തപുരത്തു് വെയിറ്റിംഗിനും മറ്റും ഉള്ള സൗകര്യങ്ങൾ ഉണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: തിരുവനന്തപുരത്തെ സൗകര്യം പരിമിതമാണ്. ഇപ്പോൾ കുറെയൊക്കെ സൗകര്യമുണ്ട്. വക്കോപ്പു അവിടെനിന്നു മാറ്റുന്നതോടുകൂടി സൗകര്യമുണ്ടാകും

ശ്രീ. ജോസഫ് മാത്തൻ: അധികം കാളേജു് വിദ്യാർത്ഥികൾ വന്നും പോയും ഇരിക്കുന്ന ചങ്ങനാശ്ശേരിയിൽ വേണ്ടത്ര സൗകര്യം തീരെയില്ലെന്നറിയാമോ;

ശ്രീ. ഇ. ജാൺഫിലിപ്പോസ്: അറിയാം, അവിടെ തല്ക്കാലം കൂടുതൽ സൗകര്യമുണ്ടാക്കുന്നതു് വിഷമമാണ്. സ്ഥലം കുലിക്കെടുത്തു ഇട്ടിരിക്കയാണവിടെ. സൗകര്യം കൂടുതൽ ഉണ്ടാക്കണമെങ്കിൽ സ്ഥലം അക്വയർചെയ്യണം. ധാരാളം പണം ചിലവുവരും. അതിനാൽ തല്ക്കാലം അതു കുറെ വൈഷമ്യത്തിലാണ്.

ശ്രീ. എ. കെ. പാച്ചുപിള്ള: വെയിറ്റിംഗ് ഷെഡ്കൂടം വൃത്തിയായി സൂക്ഷിക്കുന്നില്ലെന്നു അറിയാമോ;

ശ്രീ. ഇ. ജാൺഫിലിപ്പോസ്: അതിനുവേണ്ട നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

ശ്രീ. എ. കെ. പാച്ചുപിള്ള: അവിടെ സ്വീപ്പറ്റെ സർവീസിനെ ഏർപ്പെടുത്താമോ;

ശ്രീ. ഇ. ജാൺഫിലിപ്പോസ്: അതിനെപ്പറ്റി ആലോചിക്കാം. അതു് മനസിലാക്കി ചെയ്യേണ്ടതാണ്.

ശ്രീ. സി. വി. ഐപ്പു: വടക്കാഞ്ചേരി ബസ്സ് സ്റ്റാൻഡിന്റെ അടുത്തു വളരെ വൃത്തിഹീനമായി കിടക്കുന്നുവെന്നറിയാമോ?

Mr. Speaker. Is it near the Transport Stand?

Sri. P. S. Nataraja Pillai: What is the condition in respect of the Central garage at Trivandrum?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ജാൺഫിലിപ്പോസ്: ഇതുപോലെ വ്യത്തിഹീനമായ പല സ്ഥലങ്ങളുംകിടപ്പുണ്ട്. നന്നാക്കാൻ എക്സിക്യൂട്ടീവ് എൻജിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

*൩൨൨. *(൨൪) സാഹിബ്ബഹദൂർ കെ. സി. മായൻകുട്ടി മേത്തർ: താഴെപറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ലിഫ്റ്റ് ഇറിഗേഷനുവേണ്ടി ചൊവ്വര പരിസരങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പമ്പുകളിൽ ഏതെല്ലാമാണ് ഗവൺമെൻറ് സ്ഥിരപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ളതെന്നു പറയാമോ;

(ബി) ആവണംകോട്ടസ്റ്റീമിൽനിന്നും ചൊവ്വര പരിസരങ്ങളിലേക്കുകൂടി ജലവിതരണം ചെയ്യുന്ന കാര്യം ഗവൺമെൻറ് ആലോചിക്കുന്നുണ്ടോ എന്നു പറയാമോ?

Sri. E. John Philipose : The answer to question No. 15 is not here, Sir.

സാഹിബ്ബഹദൂർ കെ. എ. മുഹമ്മദ്: സർ, ഒരു പായിൻറ്ആഫ് ഓർഡർ. ഈ സേഴ്സ് ready അല്ലെന്നു പറയാൻ റൂളിൽ പ്രൊവിഷനുണ്ടോ;

മിസ്റ്റർ. സ്പീക്കർ: അങ്ങിനെ പറയാം.

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: (എ) ഏതെല്ലാം സ്ഥാനങ്ങളിലുള്ള പമ്പുകളാണ് സ്ഥിരപ്പെടുത്തേണ്ടതെന്നുള്ള കാര്യം അന്വേഷണത്തിലിരിക്കുകയാണ്.

(ബി) ആവണംകോട്ട സ്റ്റീമിൽ നിന്നും ചൊവ്വര പരിസരങ്ങളിലേക്കു കൂടി ജലവിതരണം നടത്തുന്നതിനുള്ളസാദ്ധ്യതയുണ്ട്. എന്നാൽ അതിലേയ്ക്ക് റയിൽവെ ലയിനിനടിയിൽകൂടി ഒരു കലുങ്ക് പണിയേണ്ട ആവശ്യമുണ്ട്.

പരസ്പരസഹായസംഘങ്ങൾ

*൩൨൩ (൨൫) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെപറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കയർ വ്യവസായ പുരോഗമനത്തിനായി ഏതെല്ലാം സ്ഥലങ്ങളിലാണ് പരസ്പരസഹായസംഘങ്ങൾ സ്ഥാപിക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നത്;

(ബി) ഓരോന്നിനേറയും പ്രവർത്തനരീതി എന്തായിരിക്കും;

(സി) കയറുകൊണ്ടുണ്ടാക്കുന്ന സാധനങ്ങൾക്ക വിദേശങ്ങളിൽ വിപണികൾ കണ്ടുപിടിക്കുന്നതിനായി വല്ലതും ചെയ്യുവാൻ സാധിച്ചിട്ടുണ്ടോ?

(ഡി) ചീഞ്ഞ മടലിൻെറ വില കൺട്രോൾ ചെയ്യുവാൻ വേണ്ട എടുപ്പാട് ചെയ്യുമോ;

(ഇ) കയർ വ്യവസായത്തിൻെറ ഒരു പ്രധാനകേന്ദ്രമായ കൊച്ചി ഡിവിഷനിലെ കമ്പളങ്ങി ദേശത്തു ഒരു സഹകരണസംഘം സ്ഥാപിക്കുവാനും ഒരു കയർ ഫാക്ടറി തുറക്കുവാനും ഒരുവുണ്ടാകുമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: (എ & ബി) കയർ വ്യവസായത്തിൻെറ പുരോഗമനത്തിനായി ആ വ്യവസായം സഹകരണാടിസ്ഥാനത്തിൽ നടത്തിക്കൊണ്ടുപോകുന്നതിനെ സംബന്ധിച്ച് ഒരു റിപ്പോർട്ട് സമർപ്പിക്കുന്നതിനു ഒരു ആഫീസറെ നിയമിച്ചിട്ടുണ്ട്. അദ്ദേഹം രണ്ടു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കും.

(സി) ഈ കാര്യത്തിൽ ഗവൺമെണ്ട് പലതും ചെയ്തിട്ടുണ്ട്.

(ഡി) ചീഞ്ഞ മടലിൻെറ വില കൺട്രോൾ ചെയ്യണമെന്നു ഉദ്ദേശിക്കുന്നില്ല.

ശ്രീ. അലക്സാണ്ടർ വാകയിൽ: വിപണികൾ സ്ഥാപിക്കുന്ന വിഷയത്തിൽ എന്തെല്ലാം ചെയ്തിട്ടുണ്ടെന്നു പ്രസ്താവിക്കാമോ;

ശ്രീ. എൻ. കുഞ്ഞുരാമൻ: കയറിനെസംബന്ധിച്ചിടത്തോളം ഇൻഡ്യാഗവൺമെൻറും മറ്റു രാജ്യങ്ങളുമായി ഏർപ്പെടുന്ന ട്രേഡ് എഗ്രിമെൻറിൽ കയർ സാമാനങ്ങൾകൂടി ഉൾപ്പെടുത്തണമെന്നു ഇൻഡ്യാ ഗവൺമെൻറിനോടു നിവേദനം ചെയ്തിട്ടുണ്ട്. അതിൻെറ ഫലമായി ഇൻഡ്യാ ഗവൺമെൻറും രണ്ടുമൂന്നു രാജ്യങ്ങളുമായി ഉണ്ടായിട്ടുള്ള ട്രേഡ് എഗ്രിമെണ്ടിൽ കയറിനു സ്ഥാനം കിട്ടിയിട്ടുണ്ട്. ഇതാണ് ഇന്നത്തെ നില.

*Printed serially in the proceedings, although the question was answered only at the end of the question hour.

LIBRARY ARCHIVES Kerala Legislative Assembly